"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി- ടി.എസ് കനാൽ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണ് / സ്പോയിൽ ടെക്നോപാർക്കിന്റെ വികസനാവശ്യങ്ങൾക്ക് വില ഈടാക്കാതെ നൽകുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2024/CSIND തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം :-

1. ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 27/12/2021-ൽ കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്.
2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 27/06/2023-ലെ ഡബ്ല്യു7-734/സി.ഇ/ഐ.എൻ/ 2021 നമ്പർ കത്ത്.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 19/07/2024-ലെ ഡബ്ല്യു7-734/സി.ഇ/ ഐ.എൻ/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ടി.എസ് കനാൽ വികസനത്തിന്റെ ഭാഗമായി ചെയിനേജ് 16.09 കിലോമീറ്റർ മുതൽ ചെയിനേജ് 22.550 കിലോമീറ്റർ വരെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് / സ്പോയിൽ ടെക്നോപാർക്കിന്റെ വികസനത്തിന്റെ ഭാഗമായി ലാന്റ് ഫില്ലിംഗിനുപയോഗിക്കുന്നതിന് ടെക്നോപാർക്കിന് നല്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരാമർശം (1) പ്രകാരമുള്ള യോഗത്തിൽ തീരുമാനമായിരുന്നു. ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് / സ്പോയിൽ നീക്കം ചെയ്യുന്നതിന്, 5 കിലോ മീറ്ററിൽ അധികമുള്ള ദൂരത്തിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ടെക്നോ പാർക്ക് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യണമെന്നും ആ യോഗത്തിൽ തീരുമാനിച്ചിരുന്നു.

2. ടി.എസ് കനാൽ വികസനത്തിന്റെ ഭാഗമായി ചെയിനേജ് 16.09 കിലോമീറ്റർ മുതൽ ചെയിനേജ് 22.550 കിലോമീറ്റർ വരെയുള്ള ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ യാതൊരു വിലയും സെസ്സും ഈടാക്കാതെ ടെക്നോപാർക്കിന് നൽകുന്നതിനും, പ്രവൃത്തി സ്ഥലത്ത് നിന്നും ടെക്നോപാർക്കിലേയ്ക്ക് 5 കിലോമീറ്ററിലധികം ദൂരമുള്ളതിനാൽ അധിക ദൂരത്തിന് വേണ്ടി വരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ് ടെക്നോപാർക്കിൽ നിന്നും ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് നൽകുന്നതിനുമുള്ള ഉത്തരവുണ്ടാകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ടി.എസ് കനാലിന്റെ ആഴവും വീതിയും കൂട്ടുന്നതിനായുള്ള ചെയിനേജ് 16.090 കിലോമീറ്റർ മുതൽ ചെയിനേജ് 22.550 കിലോമീറ്റർ വരെ ചെയ്ത നാല് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്പോയിൽ നീക്കം ചെയ്തിട്ടുണ്ടെന്നും പരാമർശം (3) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി.എസ് കനാൽ വികസനത്തിന്റെ ഭാഗമായി ചെയിനേജ് 16.09 കിലോമീറ്റർ മുതൽ ചെയിനേജ് 22.550 കിലോമീറ്റർ വരെയുള്ള ഭാഗത്ത് നിന്നും

ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഡ്രഡ്ജ് ചെയ്തെടുത്ത മണ്ണ് / സ്പോയിൽ ടെക്നോപാർക്കിന്റെ വികസനാവശ്യങ്ങൾക്കായി വില ഈടാക്കാതെ നല്കുന്നതിനും, പ്രവൃത്തി സ്ഥലത്ത് നിന്നും ടെക്നോപാർക്കിലേയ്ക്ക് 5 കി.മീ. അധികം ദൂരമുള്ളതിനാൽ അധിക ദൂരത്തിന് വേണ്ടി വരുന്ന ഗതാഗത ചിലവ് ടെക്നോപാർക്കിൽ നിന്നും ഈടാക്കുന്നതിനും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡ്രഡ്ജ് ചെയ്തെടുത്ത മണ്ണ് / സ്പോയിൽ 5 കി.മീ. ദൂരത്തിലധികം നീക്കം ചെയ്യേണ്ടി വരുമ്പോളുണ്ടാകുന്ന ഗതാഗത ചിലവ് ഉൾനാടൻ ജലഗതാഗത വകുപ്പിന് ടെക്നോപാർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, X1/318 E, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്സ്, കൊച്ചി എയർപോർട്ട് പി.ഒ. കേരളം - 683 111.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E- 2505978 I&PW-B3/193/2023-FIN തീയതി 19-09-2023)
റവന്യൂ വകുപ്പ്
വ്യവസായ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/152/2022/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 24-09-2024 11:54:26

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.